# ‘ഇന്ത്യയിലെ ഇസ്‌ലാമിക് ബാങ്കിംഗ് സഹകരണ സംഘങ്ങളിൽനിന്ന് തുടങ്ങട്ടെ’

● ഡോ. ഇഖ്തിയാറുദ്ദീൻ ബാഗ്സിറാജ്



ബുർഹാനി കോളേജ് ഓഫ് മുംബൈയുടെ ഇക്കണോമിക്സ് വിഭാഗം തലവനായി വിരമിച്ച കർണാടക ബൽഗാം സ്വദേശി ഡോ. ഇഖ്തിയാറുദ്ദീൻ ബാഗ്സിറാജ് ഈയിടെ പി.ജി.ഡി.ഐ.ഇ.എഫിന് ക്ലാസ്സെടുക്കുന്നതിനായി ശാന്തപുരം അൽജാമിഅ അൽ ഇസ്‌ലാമിയ്യയിൽ ഒരാഴ്ചക്കാലം ചെലവഴിക്കുകയുണ്ടായി.

എം.എ ഇക്കണോമിക്സ് ഒന്നാം റാങ്കോടുകൂടി പാസ്സായ ശേഷം മറൈൻ ഫിഷറീസ് ഇക്കണോമിക്സിൽ ഡോക്ടറേറ്റ് നേടി (ഇന്ത്യയിൽ ഫിഷറീസ് ഇക്കണോമിക്സിൽ ആദ്യത്തെ ഡോക്ടറേറ്റ്). മുംബൈയിലെ ബുർഹാനി കോളേജിൽ ഇക്കണോമിക്സ് വിഭാഗം തലവനായി സേവനമനുഷ്ഠിച്ചു. ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ച് കിംഗ് അബ്ദുൽ അസീസ് യൂനിവേഴ്സിറ്റിയുടെ സഹായത്തോടെ നടത്തിയ ഗവേഷണ പ്രബന്ധം എടുത്തു പറയാവുന്നതാണ്.

അദ്ദേഹവുമായി അൽജാമിഅ അൽ ഇസ്‌ലാമിയ്യയിലെ **ശഹീർ അബൂബക്കർ, എ.പി ജാബിർ, റശീദ് ബിൻ അബ്ബാസ്** എന്നിവർ സംസാരിക്കുന്നു.

◆ *മറൈൻ ഇക്കണോമിക്സിൽ ഡോക്ടറേറ്റ് നേടിയ താങ്കൾ ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ ശ്രദ്ധ ഊന്നാനുണ്ടായ കാരണം?*

മറൈൻ ഫിഷറീസ് ഇക്കണോമിക്സിൽ പ്രബന്ധം സമർപ്പിച്ച ശേഷം 1983-ൽ പൂനെയിൽ പലിശരഹിത ബാങ്കിംഗിനെക്കുറിച്ച് ഒരു സെമിനാറിൽ പ്രബന്ധം അവതരിപ്പിക്കാൻ അവസരം ലഭിച്ചു. അതിനുശേഷമാണ് ഈ വിഷയത്തിൽ താൽപര്യം ജനിച്ചത്. 1996-ൽ ഹജ്ജിന് പോയപ്പോൾ ഡോ. എ. നജാത്തുല്ല സിദ്ദീഖിയുമായി കൂടിക്കാഴ്ച നടത്തുകയും അങ്ങനെ ജിദ്ദയിലെ കിംഗ് അബ്ദുൽ അസീസ് യൂനിവേഴ്സിറ്റിയിൽ ഇന്ത്യയിലെ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ച് സർവേ നടത്തി റിപ്പോർട്ട് അവതരിപ്പിക്കാൻ അവസരമുണ്ടാവുകയും ചെയ്തു. 2003-ൽ പ്രസിദ്ധീകരിച്ച Islamic Financial Institutions of India: Progress and Prospects എന്നായിരുന്നു ഗവേഷണ പ്രബന്ധത്തിന്റെ തലക്കെട്ട്.

◆ *താങ്കൾ സമർപ്പിച്ച സർവേ റിപ്പോർട്ടിൽനിന്ന് മനസ്സിലാകുന്നത്, ഇന്ത്യയിൽ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾക്ക് ഉറച്ച അടിത്തറയുണ്ടെന്നാണല്ലോ. അങ്ങനെത്തന്നെയാണോ?*

ഇന്ത്യയിൽ ആദ്യത്തെ ഇസ്‌ലാമിക ധനകാര്യസ്ഥാപനം 1938-ൽ സൂറത്തിൽ തുടങ്ങിയ പട്ട്ണി കോ-ഓപറേറ്റീവ് സൊസൈറ്റിയാണ്. ഇത് രജിസ്റ്റർ ചെയ്തത് 1941-ൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിലായിരുന്നു. ലോകത്തിലെ ആദ്യത്തെ ഇസ്‌ലാമിക ധനകാര്യ സ്ഥാ

**പ്രശ്നം ഒന്നാമതായി മുസ്‌ലിംകളുടേതുതന്നെയാണ്. തുടക്കത്തിൽ കാണുന്ന ആത്മവിശ്വാസം പിന്നീട് കാണില്ല. മുസ്‌ലിംകളുടെ ഇടയിൽ മാത്രം പ്രവർത്തിക്കുന്നതിനാൽ ഇവയുടെ വളർച്ച പരിമിതമാണ്. ഇസ്‌ലാമിനെപ്പോലെത്തന്നെ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ആ നിലയിൽ പ്രവർത്തിക്കണം. ഉദ്യോഗസ്ഥ മേധാവിത്വം മറ്റൊരു കാരണമാണ്. മുസ്‌ലിംകളാവട്ടെ, ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരുമല്ല. മദ്റസകളിലും മറ്റു മത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ വിഷയം പഠിപ്പിക്കണം.**

പനമായി കണക്കാക്കുന്നത് 1968-ൽ ഈജിപ്തിൽ തുടങ്ങിയ ഒരു സംരംഭമാണ്. അതിനും മുമ്പ് ഇന്ത്യയിൽ തുടങ്ങിയിട്ടുണ്ട് എന്നർഥം. ഇന്ത്യയാണ് ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളുടെ വഴികാട്ടി. ഏകദേശം 500 ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ ഇപ്പോൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. അവയിലധികവും അസംഘടിതമാണ്. പ്രവർത്തന മേഖല പരിമിതവും. അവ ഗവൺമെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. ഇപ്പോൾ നില മെച്ചപ്പെട്ടു വരികയാണ്.

◆ *ഇന്ത്യയിൽ 1941-ൽ തന്നെ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്തുകൊണ്ട് അവ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുന്നില്ല?*

ചില സങ്കുചിത ചിന്തകളാണ് ഇതിനു കാരണം. പ്രശ്നം ഒന്നാമതായി മുസ്‌ലിംകളുടേതുതന്നെയാണ്. തുടക്കത്തിൽ കാണുന്ന ആത്മവിശ്വാസം പിന്നീട് കാണില്ല. മുസ്‌ലിംകളുടെ ഇടയിൽ മാത്രം പ്രവർത്തിക്കുന്നതിനാൽ ഇവയുടെ വളർച്ച പരിമിതമാണ്. ഇസ്‌ലാമിനെപ്പോലെത്തന്നെ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ആ നിലയിൽ പ്രവർത്തിക്കണം. ഉദ്യോഗസ്ഥ മേധാവിത്വം മറ്റൊരു കാരണമാണ്. മുസ്‌ലിംകളാവട്ടെ, ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരുമല്ല. മദ്റസകളിലും മറ്റു മത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ വിഷയം പഠിപ്പിക്കണം. വെള്ളിയാഴ്ച ഖുത്വ്ബകളിൽ ഈ വിഷയത്തിൽ ബോധവത്കരണം നടത്തണം.

◆ *ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കുകൾ തുടങ്ങാൻ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിൽ പരിഷ്കരണം ആവശ്യമാണല്ലോ. അതിനുള്ള തടസ്സങ്ങൾ എന്തൊക്കെ?*

ബാങ്കിംഗ് റഗുലേഷൻ ആക്റ്റിൽ പരിഷ്കരണം നടത്തണമെങ്കിൽ ജനങ്ങൾക്കതിനോട് താൽപര്യം ജനിക്കണം. ഇസ്‌ലാമിക ബാങ്കുകൾ ഉയർന്ന ചാർജ് ഈടാക്കരുത്. നിക്ഷേപത്തിനുള്ള അവസരം കൂടുതൽ സൃഷ്ടിക്കണം. വാണിജ്യ ബാങ്കുകളും ആരംഭിക്കണം. ഇവ ജനങ്ങൾക്ക് ഇസ്‌ലാമിക ബാങ്കിനോടുള്ള താൽപര്യം വർധിപ്പിക്കും. നിക്ഷേപാധിഷ്ഠിത ഇസ്‌ലാമിക ബാങ്കുകൾ നീതിപൂർവമായ വിതരണവും ഉറപ്പുവരുത്തുന്നു. ഇസ്‌ലാമിക ബാങ്കിനെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കണം.

◆ *ചില രാഷ്ട്രീയ പാർട്ടികൾ ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കുകൾ ആരംഭിക്കുന്നതിനെ എതിർക്കുന്നുണ്ട്. ഇതിനെ എങ്ങനെ മറികടക്കാം?*

ഒന്നാമതായി ഇസ്‌ലാമിക ബാങ്കിംഗ് എന്ന പേര് മാറ്റി, ആൾട്ടർനേറ്റീവ് ബാങ്ക് എന്നോ വാല്യൂ ബേസ്ഡ് ബാങ്ക് എന്നോ ആക്കണം. ഇവ മുസ്‌ലിംകൾക്കു വേണ്ടി മാത്രമല്ല, എല്ലാ മതക്കാർക്കും വേണ്ടിയുള്ളതാണ്. ഇസ്‌ലാം മാത്രമല്ല പലിശയെ നിരോധിച്ചത്. ഹിന്ദുമതവും ക്രിസ്തുമതവും ജൂതമതവും എല്ലാം പലിശ നിരോധിച്ചിട്ടുണ്ട്. പലിശ ചൂഷണോപാധിയാണ്. അവിടെ ബാങ്ക് പലിശയെന്നോ അമിത പലിശ എന്നോ വ്യത്യാസമില്ല. എല്ലാം പലിശ തന്നെയാണ്. പലിശ സമൂഹത്തിന് നാശമുണ്ടാക്കുന്നതാണ്. പൊതുജനം ഇത് തിരിച്ചറിഞ്ഞാൽ തടസ്സം നീങ്ങും. ഇസ്‌ലാമിക ബാങ്കിംഗിനെ അമേരിക്ക, ബ്രിട്ടൻ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ സ്വീകരിച്ചു വരികയാണ്. അതിന്റെ അടിസ്ഥാനങ്ങൾ സാർവദേശീയമായി അംഗീകരിക്കപ്പെട്ടതും പ്രാവർത്തികമാക്കാവുന്നതുമാണ്. ഇന്ത്യയിൽ ലാഭ-നഷ്ട പങ്കാളിത്തത്തിന്റെ പ്രയോജനവും മനസ്സിലാക്കി കൊടുക്കണം. അങ്ങനെയെങ്കിൽ ജനം അത് സ്വീകരിക്കും.

◆ *ഇന്ത്യൻ സാമ്പത്തിക ഘടനയിൽ ഇസ്‌ലാമിക ബാങ്കുകളുടെ പ്രാധാന്യം എന്താണ്?*

ഇന്ത്യയുടെ സാമ്പത്തിക വളർച്ചക്ക് ഇസ്‌ലാമിക ബാങ്കുകളും അനിവാര്യമാണ്. 1991 വരെ ഇന്ത്യയുടെ സാമ്പത്തിക വികസനം 2.5 -3.5 ശതമാനം ആയിരുന്നു. ആഗോളീകരണത്തിനു ശേഷം അത് 3-7% ഉം 7-8% ഉം ആണ്. ഈ വളർച്ചക്ക് പ്രധാന കാരണം വിദേശ നിക്ഷേപമാണ്. ലാഭ-നഷ്ട പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂരിഭാഗം നിക്ഷേപവും. നിക്ഷേപം നടന്നാലേ വികസനം സാധ്യമാകൂ. ഇസ്‌ലാമിക ബാങ്കുകൾ ലാഭ-നഷ്ട പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപത്തിന് വഴിയൊരുക്കുന്നു. ഇന്ത്യയിലെ ആന്തരഘടന (ഇൻഫ്രാസ്ട്രക്ചർ) വികസിക്കണമെങ്കിൽ നമുക്ക് വിദേശ നിക്ഷേപം ആവശ്യമാണ്. ഇപ്പോഴുള്ള നിക്ഷേപത്തിന്റെ ഏറിയ പങ്കും പടിഞ്ഞാറൻ മേഖലയിൽനിന്നാണ്. ഗൾഫ് മേഖലയിൽനിന്നുള്ള വൻ സാമ്പത്തിക നിക്ഷേപങ്ങൾ ഇസ്‌ലാമിക ബാങ്കുകൾ വഴി ഇന്ത്യയിലേക്ക് തിരിച്ചുവിടാൻ സാധിക്കും. ഇത് സാമ്പത്തിക വളർച്ചയിൽ വൻ കുതിച്ചുചാട്ടം സൃഷ്ടിക്കും.

◆ *ഇസ്‌ലാമിക ബാങ്കുകളുടെ ലാഭ-നഷ്ട പങ്കാളിത്ത വ്യവസ്ഥ മുസ്‌ലിംകളല്ലാത്തവർക്ക് സ്വീകാര്യമാവുമോ?*

പണത്തിന് ഒരു മതവുമില്ല. നഷ്ട സാധ്യത (റിസ്ക്) കൂടുമ്പോൾ അതിൽ നിന്നുള്ള വരുമാനവും വർധിക്കും. എല്ലാവരും കൂടുതൽ വരുമാനം ആഗ്രഹിക്കുന്നു. ലാഭ-നഷ്ട പങ്കാളിത്തത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഇസ്‌ലാമിക ബാങ്കുകൾ ലാഭ-നഷ്ട പങ്കാളിത്തത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. ലാഭ-നഷ്ട പങ്കാളിത്ത വ്യവസ്ഥ എല്ലാ രാജ്യങ്ങളിലുമുണ്ട്. ഇന്ത്യയിലിത് മറ്റു മേഖലകളിൽ അതിവേഗം വർധിക്കുകയാണ്. ലോകാടിസ്ഥാനത്തിലും ഇതുതന്നെയാണ് അവസ്ഥ. അതാണ് മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിലും നാഷനൽ സ്റ്റോക്ക് എക്സ്ചേഞ്ചിലും ഉള്ള ഉയർച്ച തെളിയിക്കുന്നത്. സഹകരണ ബാങ്കുകളിലെ പലിശ നിരക്ക് 7-8 ശതമാനമാണ്. എന്നാൽ ഇസ്‌ലാമിക ബാങ്കിൽനിന്നുള്ള ലാഭവിഹിതം ഈ പലിശ നിരക്കിനേക്കാൾ എത്രയോ വലുതാണ്.

◆ *ഇസ്‌ലാമിക ബാങ്ക് ഈടാക്കുന്ന സർവീസ് ചാർജ് മറ്റു ബാങ്കുകൾ ഈടാക്കുന്ന പലിശയേക്കാൾ കൂടുതലാണെന്ന ആരോപണമുണ്ടല്ലോ?*

ചില ഇസ്‌ലാമിക ബാങ്കുകൾ ഈടാക്കുന്ന സർവീസ് ചാർജ് മറ്റു ബാങ്കുകളുടെ പലിശനിരക്കിനേക്കാൾ കൂടുതലാണ്. അതിന്റെ പ്രവർത്തന തോത് (Operation scale) കുറവും. പ്രവർത്തന ചെലവ് (Cost of Operation) കൂടുതലുമാണെന്നതാണ് കാരണം. പ്രവർത്തന തോത് കൂടിയാൽ പ്രവർത്തനച്ചെലവ് താരതമ്യേന കുറയും. ഇസ്‌ലാമിക ബാങ്കുകൾ പലിശാധിഷ്ഠിതമല്ല. അത് ലാഭ-നഷ്ട പങ്കാളിത്തമാണ്. പലിശ നിയന്ത്രിക്കുന്നത് കേന്ദ്ര ബാങ്കാണ്. പക്ഷേ, ലാഭ-നഷ്ട നിരക്ക് ആർക്കും നിയന്ത്രിക്കാം. ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നത് നീതിപൂർവകമായ വിതരണമാണ്. സർവീസ് ചാർജ് കൂടുതലാണെങ്കിലും അവ നിക്ഷേപകർക്ക് നല്ല വരുമാനം ഉണ്ടാക്കുന്നു. കൂടുതൽ ആളുകൾ ഇസ്‌ലാമിക ബാങ്കിന്റെ സേവനം സ്വീകരിക്കുകയും അങ്ങനെ പ്രവർത്തന തോത് കൂടുകയുമാണെങ്കിൽ സർവീസ് ചാർജ് പലിശ നിരക്കിനേക്കാൾ വളരെ കുറക്കാൻ കഴിയും.

◆ *ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കിനുള്ള സാധ്യത?*

ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കിനുള്ള സാധ്യത വർധിക്കുകയാണ്. ലാഭ-നഷ്ട പങ്കാളിത്തത്തിന്റെ വളർച്ച ഇതാണ് തെളിയിക്കുന്നത്. ലാഭ-നഷ്ട പങ്കാളിത്ത നിക്ഷേപം സഹകരണ സൊസൈറ്റികളിലൂടെയാകണം തുടങ്ങേണ്ടത്. ഇന്ത്യയിൽ എത്ര വേണമെങ്കിലും ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങാം. പക്ഷേ, മുസ്‌ലിംകൾക്ക് ഇതുവരെ സാമാന്യം ഭേദപ്പെട്ട ഒരു ധനകാര്യ സ്ഥാപനം ഇല്ല. നൂറുകോടിയിലധികം ആസ്തിയുള്ള ഒന്നും തന്നെയില്ല. അതിനാൽ അവ തുടങ്ങുക വളരെ ബുദ്ധിമുട്ടാണ്. സഹകരണ സംഘങ്ങളിലൂടെയാകണം ഇവ ആരംഭിക്കേണ്ടത്.

◆ *സഹകരണസംഘങ്ങളിലൂടെയാവണം എന്നു പറയാൻ കാരണം?*

സഹകരണ സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നത് കേന്ദ്ര, സംസ്ഥാന സർക്കാറുകളാണ്. ഗ്രാമങ്ങളിൽനിന്നും ഇവക്ക് തുടക്കം കുറിക്കണം. ഇവ ഇസ്‌ലാമിക ധനവിനിമയ ശാസ്ത്രത്തോട് അടുത്തുനിൽക്കുന്നു. ദാരിദ്ര്യ നിർമാർജനം, സമൂഹത്തിന്റെ വികസനം എന്നിവ ഇതിലൂടെ സാധ്യമാക്കാം. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ കൂടുതൽ താൽപര്യം കാണിക്കുന്നു. പ്രത്യേകിച്ച് മൈക്രോ ഫൈനാൻസിൽ. ഇന്ത്യൻ മുസ്‌ലിംകളിൽ 3.5 ശതമാനവും മിച്ചമുള്ളവരാണ്. പക്ഷേ, അത് എന്തു ചെയ്യണമെന്നറിയില്ല, നിക്ഷേപിക്കാൻ മടിയുമാണ്. കഴിവുള്ളവരാണെങ്കിലും ആ കഴിവ് എങ്ങനെ ഉപയോഗപ്പെടുത്തണം എന്നറിയില്ല. തെക്കെ ഇന്ത്യയിലെ ധാരാളം മുസ്‌ലിംകൾ റബർ ഉൽപാദിപ്പിക്കുന്നു. പക്ഷേ അവർക്ക് ഒരു റബർ ഫാക്ടറി പോലുമില്ല. സൂറത്തിലെ മുസ്‌ലിംകൾ വസ്ത്ര നിർമാണത്തിൽ വിദഗ്ധരാണ്. പക്ഷേ അവർക്ക് ആ നിലയിൽ തിളങ്ങാനായില്ല. അലീഗഢിലെ മുസ്‌ലിംകൾ പൂട്ട് നിർമാണത്തിൽ പ്രഗത്ഭരമാണ്. എന്നാൽ ഒരു നല്ല ലോക്ക് ഫാക്ടറി പോലും അവർക്കില്ല. ഇന്ത്യയിലെ ഭൂരിഭാഗം മുസ്‌ലിംകളും സംസാരിക്കുന്നത് ഉർദു ഭാഷയാണ്. ആ ഭാഷയിൽ 'സംരംഭകൻ' എന്ന വാക്കിന് സമാനപദം ഇല്ല; അതിനെക്കുറിച്ചറിയുകയുമില്ല.

അതിനാൽ സഹകരണ സംഘങ്ങളിലൂടെയാവണം തുടക്കം. സഹകരണ സംഘങ്ങൾ തുടങ്ങാൻ കുറഞ്ഞത് 11 അംഗങ്ങൾ മതി. ഓഹരി വില 10 രൂപയും പ്രവർത്തനമൂലധനം പതിനായിരം രൂപയും ഉണ്ടായാൽ ഇവ ആരംഭിക്കാം. സഹകരണ സംഘങ്ങൾ നൂറ് കോടി രൂപ നിക്ഷേപം നടത്തിയാൽ അവക്ക് ഷെഡ്യൂൾഡ് ബാങ്കായി ഉയരാം. ഈ നിലയിൽ ആരംഭിച്ച് സഹകരണ വായ്പാ സംഘങ്ങളായും വളരണം. പലിശരഹിതമായും ലാഭ-നഷ്ട പങ്കാളിത്ത അടിസ്ഥാനത്തിലും വ്യാപാരം നടത്തണം. സഹകരണ സംഘങ്ങൾ നല്ല വളർച്ചയാണ് കാണിക്കുന്നത്. 2005-ലെ കണക്കു പ്രകാരം 1.11 കോടി അംഗങ്ങളാണ് സഹകരണ സംഘങ്ങൾക്ക് കേരളത്തിലുള്ളത്. 1628 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളാണുള്ളത്. ഇവ ഓരോ വർഷവും 6294 പേർക്ക് വായ്പ നൽകുന്നുണ്ട്. നിക്ഷേപം 4.6 കോടിയാണ്. ഇന്ത്യയിലാകമാനം 108603 പ്രാഥമിക സംഘങ്ങളാണുണ്ടായിരുന്നത്. ആകെ നിക്ഷേപം 18918 കോടി രൂപയുമാണ് (2003). 2005 വരെ 39404 കോടി രൂപ വായ്പ നൽകിയിരുന്നു. ഇവയിൽ മുസ്‌ലിം സാന്നിധ്യം വളരെ വളരെ ചെറുതാണ്. സഹകരണ സംഘങ്ങളെക്കുറിച്ച് മുസ്‌ലിംകൾക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകണം.

◆ *ഇന്ത്യയിലെ ഇസ്‌ലാമിക സഹകരണ സംഘങ്ങൾക്ക് ഉദാഹരണം?*

ബൈത്തുന്നസർ (മുംബൈ), അൽമെസ് കോ-ഓപറേറ്റീവ് ക്രഡിറ്റ് സൊസൈറ്റി, ബൈത്തുൽ മാൽ (മുംബൈ), അൽ അൻസാർ (മഹാരാഷ്ട്ര) എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വളരെക്കുറച്ച് പ്രാഥമിക വായ്പാ സംഘങ്ങളേ ഈ മാതൃകയിൽ പ്രവർത്തിക്കുന്നുള്ളൂ.

◆ *ഇസ്‌ലാമിക ബാങ്കുകൾക്ക് വ്യക്തിവായ്പകൾ നൽകാൻ കഴിയുമോ?*

ധനികരിൽനിന്നും ദരിദ്രർക്ക് ഖർദ് ഹസൻ (പ്രതിഫലം വാങ്ങാത്ത വായ്പ) അടിസ്ഥാനത്തിൽ ചെലവു രഹിത വായ്പകൾ നൽകും. ഇജാറ (പാട്ടം) അടിസ്ഥാനത്തിലും മുറാബഹ, വാദിഅ (Trust) അടിസ്ഥാനത്തിലും നൽകാം.

◆ *ഇസ്‌ലാമിക ബാങ്കുകൾ പ്രയോജനപ്പെടുന്നത് സാമ്പത്തിക സുസ്ഥിതിയുള്ളവർക്കാണ് എന്ന ധാരണയുണ്ടല്ലോ?*

ഇസ്‌ലാമിക ബാങ്കുകൾ മാത്രമല്ല മറ്റെല്ലാ ബാങ്കുകളും കാര്യമായി പ്രയോജനപ്പെടുന്നത് ധനികർക്കാണെന്നത് സത്യമാണ്. മിച്ചമുണ്ടാവുക സാധാരണ പണമുള്ളവർക്കാണല്ലോ. ഇത് ഇസ്‌ലാമിക ബാങ്കുകളുടെ മാത്രം പ്രശ്നമല്ല. പക്ഷേ, ഇസ്‌ലാമിക ബാങ്കുകൾ ബിസിനസ് ഫൈനാൻസുകൾക്കു പുറമെ വെൽഫെയർ (സേവനം) ഫൈനാൻസും നടത്തുന്നത് പാവപ്പെട്ടവർക്ക് ഗുണം ചെയ്യും. ലാഭ-നഷ്ട പങ്കാളിത്ത വ്യവസ്ഥയിലാ

**പരമ്പരാഗത ബാങ്കുകളേക്കാൾ വളരെ വേഗത്തിലാണ് ഇസ്‌ലാമിക ബാങ്കുകളുടെ വളർച്ച. അതിന് ലോകത്ത്, പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ വമ്പിച്ച സ്വീകാര്യതയാണ് ഉള്ളത്. ഇസ്‌ലാമിക ബാങ്കുകളുടെ വളർച്ച വർഷത്തിൽ 15 ശതമാനമായി രേഖപ്പെടുത്തുമ്പോൾ മറ്റു ബാങ്കുകളുടെ വളർച്ച 3-5 ശതമാനം മാത്രമാണ്. സുക്കുക്ക് (Bond Market) പോലുള്ള ഇസ്‌ലാമിക ബാങ്കിംഗ് ഉൽപന്നങ്ങൾക്ക് വമ്പിച്ച സ്വീകാര്യത ലഭിച്ചുവരികയാണ്.**

ണ് ബിസിനസ് ഫൈനാൻസ് കൈകാര്യം ചെയ്യുന്നത്. ഇസ്‌ലാമിക ബാങ്കുകളിലെ വെൽഫെയർ ഫൈനാൻസുകൾ സകാത്ത്, സ്വദഖ, ഔഖാഫ് (ദരിദ്രർക്കു വേണ്ടിയുള്ള ധർമ സ്ഥാപനം) ഖർദ്ഹസൻ തുടങ്ങിയവയാണ്. ഇസ്‌ലാമിക ബാങ്കുകൾ ബിസിനസ് ഫൈനാൻസുകൾ മാത്രമാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ, അത് പണക്കാരെ സഹായിക്കുന്ന ഒന്നായിത്തീരും.

◆ *ഇപ്പോൾ സ്റ്റോക്ക് മാർക്കറ്റ് അസ്ഥിരമാണ്. അത് നിക്ഷേപകർക്ക് വലിയ നഷ്ടം വരുത്തുന്നു. എന്താണ് ഇസ്‌ലാമിക സെക്യൂരിറ്റികളുടെ അവസ്ഥ?*

ഇസ്‌ലാമിക സെക്യൂരിറ്റികളിലും ചാഞ്ചാട്ടം സംഭവിക്കാം. പക്ഷേ, സാധാരണ സ്റ്റോക്ക് എക്സ്ചേഞ്ചുകളിലേത് പോലുള്ള ചാഞ്ചാട്ടമല്ല. സ്റ്റോക്ക് മാർക്കറ്റ് ഊഹാധിഷ്ഠിതമാണ്. ഇതിന്റെ ഒരു ഉദാഹരണമാണ് മുംബൈയിലുള്ള 'സത്തബസാർ' (മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിനെ അവിടത്തുകാർ വിളിക്കുന്ന പേര്). ഇതിന്റെ അർഥം ചൂതാട്ട മാർക്കറ്റ് എന്നാണ്. ചൂതാട്ടം ഇസ്‌ലാമിക സെക്യൂരിറ്റീസ് മാർക്കറ്റിൽ അനുവദിക്കില്ല. വികസനത്തിനുവേണ്ടിയുള്ള ഫൈനാൻസ് ഇസ്‌ലാമിക സെക്യൂരിറ്റികൾ അനുവദിക്കും. ഊഹാധിഷ്ഠിത കച്ചവടം നിരോധിച്ചിരിക്കുന്നു. ഇസ്‌ലാമിക സെക്യൂരിറ്റികൾ മൂല്യാധിഷ്ഠിതമാണ്. അത് യഥാർഥ വിലയുടെ അടിസ്ഥാനത്തിലാണ്. മറ്റു സ്റ്റോക്ക് മാർക്കറ്റ് പണാധിഷ്ഠിതവും (Money based). കാലികമായ മാറ്റങ്ങൾ ഇസ്‌ലാമിക സെക്യൂരിറ്റികളെയും ബാധിക്കും. ഇസ്‌ലാമിക സെക്യൂരിറ്റികൾ പലിശരഹിതമായതുകൊണ്ട് അവക്ക് സ്ഥിരത കൈവരിക്കാനാവുന്നു.

◆ *പണപ്പെരുപ്പമാണ് ഇപ്പോഴത്തെ മുഖ്യപ്രശ്നം. ഇസ്‌ലാമിക സാമ്പത്തിക ഘടന എങ്ങനെ അതിനെ നിയന്ത്രിക്കും?*

പണത്തിന്റെ മൂല്യമാണ് അതിന്റെ സ്ഥിരത നിലനിർത്തുന്നത്. വ്യവസ്ഥ പണാധിഷ്ഠിതമാവുമ്പോൾ അത് പണപ്പെരുപ്പത്തിലേക്ക് നയിക്കുന്നു. പലിശ വർധിക്കുമ്പോൾ ഉൽപാദനച്ചെലവ് വർധിക്കും. ഇത് സാധനങ്ങളുടെ വില വർധിക്കാൻ കാരണമാകും. പണ വിതരണം വർധിക്കുന്നതും (നിയന്ത്രണാതീതമാകുന്നതും) പണപ്പെരുപ്പത്തിലേക്ക് നയിക്കുന്നു. എണ്ണ വില വർധിക്കുന്നതാണ് മറ്റൊരു കാരണം. എണ്ണ വില വർധിക്കുമ്പോൾ ഉൽപാദനച്ചെലവും ഗതാഗതച്ചെലവും വർധിക്കുന്നു. സ്വർണ വില വർധിക്കുന്നതും പണപ്പെരുപ്പത്തെ സ്വാധീനിക്കും. പലിശ കുറക്കുകയും പണവിതരണം നിയന്ത്രിക്കുകയും ചെയ്താൽ പണപ്പെരുപ്പം ഒരു പരിധിവരെ നിയന്ത്രിക്കാം. ഇസ്‌ലാമിക സാമ്പത്തികവ്യവസ്ഥയിൽ പലിശക്ക് യാതൊരു സ്ഥാനവുമില്ല. അതുകൊണ്ടുതന്നെ നീതിപൂർവകമായ പണവിതരണം ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയിലൂടെ സാധിക്കുന്നു. ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ മൂല്യം നിലനിർത്തുകയും വർധനവിനെയും പണപ്പെരുപ്പത്തെയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഇപ്പോൾ ലോകത്താകമാനം ബാധിച്ചിട്ടുള്ള പണപ്പെരുപ്പം ഇസ്‌ലാമിക സാമ്പത്തികഘടന നിലനിൽക്കുന്ന രാഷ്ട്രങ്ങളെ കാര്യമായി ബാധിച്ചിട്ടില്ല. മലേഷ്യ ഇതിന് ഉദാഹരണമാണ്.

◆ *മുതലാളിത്ത സാമ്പത്തിക ക്രമത്തിനു പകരം ഒരു ഇസ്‌ലാമിക ബദൽ എന്തുകൊണ്ടാണ് പ്രസക്തമാകുന്നത്?*

മുതലാളിത്തം അനീതിയിലധിഷ്ഠിതവും ചൂഷണാത്മകവുമാണ്. അത് പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള വിടവ് വർധിപ്പിക്കുന്നു. *ടൈംസ് ഓഫ് ഇന്ത്യ* ഈയിടെ പ്രസിദ്ധീകരിച്ച ഐക്യരാഷ്ട്രസഭയുടെ ഒരു പഠനറിപ്പോർട്ടനുസരിച്ച്, അമ്പത് ശതമാനം സമ്പത്തും രണ്ട് ശതമാനം ജനങ്ങളുടെ കൈയിലാണ്. അമ്പത് ശതമാനം ജനങ്ങളും കൈവശം വെച്ചിരിക്കുന്നത് വെറും രണ്ടു ശതമാനം സമ്പത്ത് മാത്രമാണ്. ഇത് അനീതിയുടെ ഒരു വശം മാത്രമാണ്. ഇതിന് ഒരു ബദൽ തേടിക്കൊണ്ടിരിക്കുകയാണ് ലോകം. ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥക്കു മാത്രമേ ബദലാവാൻ കഴിയൂ. കമ്യൂണിസ്റ്റുകാർ പോലും ഇപ്പോൾ മുതലാളിത്തത്തിന്റെ പാതയിലാണല്ലോ.

◆ *ലോകത്താകമാനമുള്ള ഇസ്‌ലാമിക ബാങ്കുകളുടെ വളർച്ച?*

പരമ്പരാഗത ബാങ്കുകളേക്കാൾ വളരെ വേഗത്തിലാണ് ഇസ്‌ലാമിക ബാങ്കുകളുടെ വളർച്ച. അതിന് ലോകത്ത്, പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ വമ്പിച്ച സ്വീകാര്യതയാണ് ഉള്ളത്. ഇസ്‌ലാമിക ബാങ്കുകളുടെ വളർച്ച വർഷത്തിൽ 15 ശതമാനമായി രേഖപ്പെടുത്തുമ്പോൾ മറ്റു ബാങ്കുകളുടെ വളർച്ച 3-5 ശതമാനം മാത്രമാണ്. സുക്കുക്ക് (Bond Market) പോലുള്ള ഇസ്‌ലാമിക ബാങ്കിംഗ് ഉൽപന്നങ്ങൾക്ക് വമ്പിച്ച സ്വീകാര്യത ലഭിച്ചുവരികയാണ്.

◆ *ദാരിദ്ര്യ നിർമാർജനത്തിൽ ഇസ്‌ലാമിക ബാങ്കുകൾക്കുള്ള സ്ഥാനം?*

വെൽഫെയർ ഫൈനാൻസ് ദാരിദ്ര്യ നിർമാർജനമാണ് നിർവഹിക്കുന്നത്. സകാത്ത്, സ്വദഖ, ഫിത്ർ, ഔഖാഫ്, ഖർദ് ഹസൻ തുടങ്ങി വെൽഫെയർ ഫൈനാൻസ് ഉൽപന്നങ്ങളൊക്കെ ലക്ഷ്യമാക്കുന്നത് നീതിപൂർവകമായ ധനവിതരണത്തിലൂടെയുള്ള ദാരിദ്ര്യ നിർമാർജനമാണ്. ■